"ഭരണഭാഷ-മാതൃഭാഷ"

DWCD/1056/2026-ICDS B3

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 20.02.2026
E-Mail : directorate.wcd@kerala.gov.in
Phone No. 0471-2346534

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് - SNP പദ്ധതി - SNA SPARSH-ലേയ്ക്ക് മാറുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്:-

സൂചന: 1. കേന്ദ്ര സർക്കാരിന്റെ 14.10.2025 ലെ CD-II-21/2/2025-CD-II നമ്പർ കത്ത്.
2. കേന്ദ്ര സർക്കാരിന്റെ 17.12.2025 ലെ CD-II-14/18/2025-CD-II/AS&FA നമ്പർ കത്ത് (25-26 രണ്ടാം ഗഡു - ജനറൽ, എസ്.സി., എസ്.ടി.)

കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതി (KL-256) SNA SPARSH-ലേയ്ക്ക് മാറുന്നതിനായി സൂചന പ്രകാരം മദർ സാങ്ഷൻ ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ കീഴ്കാര്യാലയങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

- അനുപൂരക പോഷകാഹാര പദ്ധതി (KL-256) യുടെ നിലവിലുള്ള SNA-PFMS അക്കൗണ്ടിൽ നിന്നും, ചൈൽഡ് അക്കൗണ്ട് മുഖേന ചെലവുകൾ നടത്തേണ്ട സമയ പരിധി 21.02 2026 ആയി നിശ്ചയിച്ചിട്ടുണ്ട്.

- അനുപൂരക പോഷകാഹാര പദ്ധതി (KL-256) യിൻ കീഴിൽ SNA-PFMS മുഖേന നാളിതു വരെ അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിലേയ്ക്കായി പദ്ധതി നടപ്പിലാക്കുന്ന ചൈൽഡ് ഏജൻസികൾ ചെലവുകൾ നടത്തുന്നതിനായി PPA-കൾ generate ചെയ്ത് 21.02.2026 ന് മുൻപായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനാൽ നിശ്ചിത തീയതിയ്ക്കു ശേഷം PPA Generate ചെയ്യുന്നതിനോ Generate ചെയ്ത PPA ബാങ്കിൽ സമർപ്പിക്കുന്നതിനോ പാടുള്ളതല്ല.

- ശേഷം പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള ചൈൽഡ് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് നാളിതു വരെ അനുവദിച്ച തുകയിൻമേൽ ബാലൻസ് നിലനിൽക്കുന്നില്ല എന്ന് അതാത് DDO മാർ ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ പറഞ്ഞത് പ്രകാരമുള്ള നടപടി ബന്ധപ്പെട്ട DDO മാർ സ്വീകരിച്ചിട്ടുണ്ട് എന്ന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം മുഖാന്തിരം പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് നൽകേണ്ടതും ആയതിൻപ്രകാരം പ്രോഗ്രാം ഓഫീസർമാർ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ 23.02.2026 ന് മുമ്പായി ലഭ്യമാക്കേണ്ടതുമാണ്

മേൽ നടപടികളിൽ വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട DDO മാർ മാത്രം പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളായിരിക്കുന്നതാണെന്ന് അറിയിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

സാക്ഷ്യപത്രം

അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി (KL-256) SNA -PFMS മുഖേന നാളിതു വരെ ബന്ധപ്പെട്ട ചൈൽഡ് അക്കൗണ്ടിലേക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട് എന്നും ചൈൽഡ് അക്കൗണ്ടുകളിൽ നിലവിൽ നീക്കിയിരിപ്പില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

CDPO / പ്രോഗ്രാം ഓഫീസർ